# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 28-06-2012

## പാഠപുസ്തക വിതരണം-
## അധ്യാപകരുടെ സസ്പെൻഷൻ പിൻവലിക്കണം

**കെ.എസ്.ടി.എ**

മലപ്പുറം ജില്ലയിലെ മുന്പ്ര ജി.എം.യു.പി.എസിലെ അധ്യാപകരായ എ.ബാബു, ശ്രീജ ഉണ്ണികൃഷ്ണൻ എന്നിവരെ സസ്പെന്റ് ചെയ്തതിൽ കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി പ്രതിഷേധിച്ചു. പഴയ പാഠപുസ്തകങ്ങൾ സ്കൂളിൽ വിതരണം നടന്ന വിവരം വിദ്യാഭ്യാസ ഓഫീസർമാരെ അറിയിച്ചതിന്റെ പേരിലാണ് സസ്പെൻഷൻ നടപടി. വിവാദ പാഠപുസ്തകങ്ങൾ വിതരണം ചെയ്തതിന്റെ ജാള്യത മറയ്ക്കാൻ മുസ്ലീംലീഗിന്റെ നേതാക്കന്മാർ ഇടപെട്ടാണ് മലപ്പുറം ഡെപ്യൂട്ടി ഡയറക്ടറെകൊ് ഈ നടപടി സ്വീക രിച്ചത്. പാഠപുസ്തക വിതരണത്തിലെ അപാകതകളെക്കുറിച്ച് അന്വേഷണ നടപടികൾ ഇതുവരെയും പൂർത്തിയായിട്ടില്ല. പൊതുവിദ്യാഭ്യാസ വകുപ്പ് അറിയാതെയാണ് അധ്യാ പകരെ സസ്പെന്റ് ചെയ്തത്. പ്രാഥമിക അന്വേഷണത്തിൽ പാഠപുസ്തക വിതരണ ത്തിൽ അധ്യാപകർ കുറ്റക്കാരല്ലെന്നാണ് കത്തെിയിട്ടുള്ളത്. മതമില്ലാത്ത ജീവൻ എന്ന വിവാദ പാഠത്തിന്റെ പേരിൽ ക്ലസ്റ്റർ യോഗത്തിൽ പങ്കെടുത്ത ജയിംസ് അഗസ്റ്റിൻ മാസ്റ്ററെ കൊലപ്പെടുത്തിയവർ തന്നെയാണ് ഈ നടപടിയുടെയും പിന്നിൽ. നിരപരാധികളായ അധ്യാപകരുടെ സസ്പെൻഷൻ പിൻവലിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം ആരംഭിക്കു മെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ അറിയിച്ചു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി